# ഖുർആൻപഠനത്തിന്റെ പ്രാധാന്യം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنِ النبيِ ﷺ قَالَ وَمَنْ سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا سَهَّلَ اللَّهُ لَهُ بِهِ طَرِيقًا إِلَى الْجَنَّةِ وَمَا اجْتَمَعَ قَوْمٌ فِي بَيْتٍ مِنْ بُيُوتِ اللَّهِ يَتْلُونَ كِتَابَ اللَّهِ وَيَتَدَارَسُونَهُ بَيْنَهُمْ إِلَّا نَزَلَتْ عَلَيْهِمُ السَّكِينَةُ وَغَشِيَتْهُمُ الرَّحْمَةُ وَحَفَّتْهُمُ الْمَلَائِكَةُ وَذَكَرَهُمُ اللَّهُ فِيمَنْ عِنْدَهُ وَمَنْ بَطَّأَ بِهِ عَمَلُهُ لَمْ يُسْرِعْ بِهِ نَسَبُهُ. (مسلم)

**പ്രവാചകൻ (സ) പ്രസ്താവിച്ചതായി അബൂഹുറയ്റയിൽനിന്ന് നിവേദനം: “ജ്ഞാനം തേടിക്കൊണ്ട് ഒരാൾ ഒരു മാർഗം സ്വീകരിച്ചാൽ അതുമുഖേന അല്ലാഹു അയാൾക്ക് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കുന്നു. അല്ലാഹുവിന്റെ വേദം ഓതിക്കൊണ്ടും അത് പരസ്പരം ചർച്ചചെയ്തു പഠിച്ചുകൊണ്ടും ദൈവികഭവനങ്ങളിലൊന്നിൽ ഒരു സമൂഹം സമ്മേളിക്കുന്നില്ല; അവർക്കു മീതെ ശാന്തി വർഷിക്കുകയും ദൈവകാരുണ്യം അവരെ പൊതിയുകയും മലക്കുകൾ അവരെ വലയംചെയ്യുകയും അല്ലാഹു അവന്റെ സന്നിധിയിലുള്ളവരോട് അവരെ പ്രശംസിക്കുകയും ചെയ്തിട്ടല്ലാതെ. പക്ഷേ, കർമം പിന്നാക്കമാക്കിയവനെ കുലം മുന്നോട്ടോടിക്കുന്നതല്ല.”**

ജ്ഞാനസമ്പാദനത്തിന്റെ-വിശേഷിച്ചും ഖുർആൻ പഠനത്തിന്റെ- യും അറിവനുസരിച്ച് സൽക്കർമങ്ങളിലേർപ്പെടുന്നതിന്റെയും മഹത്വം ചൂണ്ടിക്കാണിക്കുകയാണ് ഈ നബിവചനം. ഇവിടെ ഇൽമ്(അറിവ്) എന്നതുകൊണ്ടുദ്ദേശ്യം തനിക്കും മറ്റു മനുഷ്യർക്കും പ്രയോജനംചെയ്യുന്ന എല്ലാ അറിവുകളാകുന്നു. അത് തത്ത്വശാസ്ത്രമാകാം, സാങ്കേതികശാസ്ത്രങ്ങളാകാം, വൈദ്യശാസ്ത്രമാകാം, കർമശാസ്ത്രമാകാം. ഏത് അറിവും തേടാനും നേടാനും മനുഷ്യൻ ബാധ്യസ്ഥനാണ്. ജ്ഞാനസമ്പാദനത്തിനു പ്രേരിപ്പിക്കുന്ന ഉപദേശങ്ങളെ അവയുടെ യഥാർഥമായ അർഥങ്ങളിലെടുത്തിരുന്ന കാലത്ത് മുസ്‌ലിംകൾ ലോകത്തെ ഏറ്റവും ഉദ്ബുദ്ധവും സംസ്കാരസമ്പന്നവുമായ ജനതയായിരുന്നു. എന്നാൽ, പിൽക്കാലത്ത് ചിലർ ‘അൽഇൽമ്’ എന്നാൽ ദീനീവിജ്ഞാനമെന്നാണർഥമെന്നും ദീനീവിജ്ഞാനമെന്നാൽ മുഖ്യമായും കർമശാസ്ത്രവും പിന്നെ ഖുർആനും സുന്നത്തും മാത്രമാണെന്നും പ്രചരിപ്പിക്കുകയുണ്ടായി. ഭൗതികവിജ്ഞാനങ്ങളിൽ മാത്രമല്ല; ദീനീവിജ്ഞാനങ്ങളായി അംഗീകരിക്കപ്പെട്ട വിജ്ഞാനശാഖകളിൽ പോലും സമുദായം ബഹുദൂരം പിന്നോട്ടു പോകാൻ അതു കാരണമായിത്തീർന്നു.

‘സലക ത്വരീഖൻ’ എന്ന മൂലപദത്തെയാണ് ‘മാർഗം സ്വീകരിച്ചാൽ’ എന്നു തർജമ ചെയ്തിട്ടുള്ളത്. ഒരു വഴി തെരഞ്ഞെടുത്ത് അതിലൂടെ സഞ്ചരിക്കുക എന്നാണതിന്റെ താൽപര്യം. വിദ്യാലയങ്ങളെയോ പണ്ഡിതന്മാരെയോ തേടിയുള്ള യാത്ര, വിദ്യാലയത്തിലിരുന്ന് പാഠം കേൾക്കുക, നോട്ടുകളെഴുതുക, ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുക, ഹൃദിസ്ഥമാക്കുക, അറിവ് വർധിപ്പിക്കുന്നതിനുവേണ്ടി ചർച്ചകളിലും ഗവേഷണങ്ങളിലുമേർപ്പെടുക മുതലായ വിജ്ഞാനസമ്പാദനപരമായ എല്ലാ നടപടികളുമാണ് പ്രകൃതവചനത്തിൽ അതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പ്രയോജനകരമായ വിജ്ഞാനം നേടുന്നതിനു സ്വീകരിക്കപ്പെടുന്ന ഏതു ഉപാധിയും സ്വർഗത്തിലേക്കുള്ള വഴിയാണ്. ശരിയായ വിജ്ഞാനം നേടിയാൽ സ്വർഗത്തിലേക്കുള്ള വഴി എളുപ്പമായി. കാരണം ശരിയായ വിജ്ഞാനം മനുഷ്യനെ സൽക്കർമങ്ങൾക്ക് പ്രചോദിപ്പിക്കുകയും പ്രാപ്തനാക്കുകയും ചെയ്യുന്നു. സൽക്കർമം അവനെ സ്വർഗാവകാശിയുമാക്കുന്നു.

വിജ്ഞാനങ്ങളിലേറ്റം പ്രധാനം ഖുർആൻപഠനമാണ്. ഖുർആനാണ് മനുഷ്യനെ അവന്റെ സൃഷ്ടിലക്ഷ്യവും ജീവിതദൗത്യവും പഠിപ്പിക്കുന്നത്. മറ്റു ശാസ്ത്രങ്ങൾ മനുഷ്യനെ പഠിപ്പിക്കുന്നത് അവന്റെയും അവൻ ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും ഘടനയും പ്രവർത്തനരീതിയുമാണ്. ഒരു വസ്തുവിന്റെ ഘടനയും പ്രവർത്തനരീതിയും മനസ്സിലാക്കിയാലേ അത് പ്രവർത്തിപ്പിക്കാനും പ്രയോജനപ്പെടുത്താനും കഴിയൂ. ഒരു വസ്തു ഏതു ലക്ഷ്യത്തിനുവേണ്ടി എങ്ങനെ പ്രയോജനപ്പെടണമെന്നുദ്ദേശിച്ചാണോ നിർമിക്കപ്പെട്ടിട്ടുള്ളത്, ആ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറും വിധം ഉപയോഗിക്കുമ്പോഴേ അതിന്റെ യഥാർഥ ഉപയോഗവും പ്രയോജനവും ഉണ്ടാകുന്നുള്ളൂ. അങ്ങനെ ഉപയോഗിക്കണമെങ്കിൽ ആ ഉദ്ദേശ്യലക്ഷ്യങ്ങളും ശരിക്കറിഞ്ഞിരിക്കണം. ഈ അറിവാണ് ഖുർആൻ പ്രദാനംചെയ്യുന്നത്. അതുകൊണ്ടാണ് ഖുർആൻപഠനം ഇതര വിജ്ഞാനങ്ങളേക്കാൾ പ്രാഥമ്യവും പ്രാധാന്യവും അർഹിക്കുന്നത്.

‘അല്ലാഹുവിന്റെ മന്ദിരങ്ങളിലൊന്നിൽ’ എന്നതിന് ഏതെങ്കിലും ഒരു പള്ളിയിൽ എന്നാണ് പൊതുവിൽ അർഥം കൽപിക്കാറുള്ളത്. പദങ്ങളുടെ നേർക്കുനേരെയുള്ള അർഥം പരിഗണിക്കുമ്പോൾ അതു പള്ളിതന്നെയായിക്കൊള്ളണമെന്നില്ല. ദൈവസ്മരണക്കും ദീനീവിദ്യാഭ്യാസത്തിനും വേണ്ടി നിർമിക്കപ്പെട്ട ഏതു മന്ദിരവുമാകാം. വിദ്യാലയങ്ങളും സ്റ്റഡി സെന്ററുകളുമെല്ലാം അതിന്റെ പരിധിയിൽ പെടുന്നു. ഖുർആൻപഠനം അതിന്റെ കേവലമായ പാരായണമല്ലെന്നും ഈ ഹദീസ് വ്യക്തമാക്കുന്നുണ്ട്. തനിച്ചിരുന്ന് വായിക്കുമ്പോൾ മനസ്സിൽ വരുന്ന ആശയങ്ങളെ അപ്പടി അവലംബിച്ചുകൂടാ. ഗുരുക്കന്മാരു

മായോ സഹപഠിതാക്കളുമായോ ചർച്ച ചെയ്ത് അതിന്റെ സാധുതയും ആധികാരികതയും ഉറപ്പുവരുത്തണം. അത്തരം ചർച്ചകളിലൂടെ നേരത്തേ ചിന്തിച്ചിട്ടില്ലാത്തതും അറിഞ്ഞിട്ടില്ലാത്തതുമായ പല കാര്യങ്ങളും ഓരോരുത്തർക്കും അറിയാനും ആലോചിക്കാനും അവസരം ലഭിക്കുകയും ചെയ്യും.

ഈവിധം ഖുർആൻ പഠിക്കുന്നവർ അവരുടെ മനസ്സിനെ അല്ലാഹുവിന്റെ വചനങ്ങളിൽ ലയിപ്പിക്കുകയാണ്. അപ്പോൾ ഭൗതികമായ എല്ലാ ആധികളിൽനിന്നും ഉൽക്കണ്ഠകളിൽനിന്നും മനസ്സ് വിമുക്തമാകുന്നു. അതിൽ ശാന്തിയും സമാധാനവും വന്നുനിറയുന്നു. ചില സ്വഹാബികൾ ഖുർആൻ പാരായണം ചെയ്യുമ്പോൾ ഒരു മേഘം തങ്ങളെ വന്നുമൂടുന്ന അനുഭൂതിയുണ്ടായിരുന്നതായും അതേപ്പറ്റി നബി(സ)യോട് പറഞ്ഞപ്പോൾ അതുതന്നെയാണ് ഖുർആൻ പഠിതാവിൽ വർഷിക്കുന്ന ശാന്തി എന്ന് തിരുമേനി വിശദീകരിച്ചതായും പ്രബലമായ ഹദീസുകളിൽ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഖുർആൻ പഠിതാക്കൾക്കുണ്ടാകുന്ന മറ്റൊരനുഗ്രഹം റഹ്മത്ത്(ദൈവകാരുണ്യം) ആകുന്നു. റഹ്മത്ത്കൊണ്ട് ഈ ഹദീസിൽ ഉദ്ദേശിച്ചിട്ടുള്ളത് പാപമോചനമാണ്. അല്ലാഹു അവരുടെ പാപങ്ങളെല്ലാം പൊറുത്തുകൊടുക്കുന്നു. ഒരിക്കൽ ദൈവികകാര്യങ്ങൾ ചർച്ചചെയ്തുകൊണ്ടിരുന്ന ഒരു പറ്റം ശിഷ്യന്മാർക്കരികിലൂടെ കടന്നുപോവുകയായിരുന്ന നബി (സ) അവരോട് ചോദിച്ചു: “എന്താണ് നിങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്? നിങ്ങളിൽ ദൈവകാരുണ്യം ഇറങ്ങുന്നത് ഞാൻ കണ്ടുവല്ലോ. അതിൽ നിങ്ങളുടെ പങ്കാളിയാകാൻ ഞാനും ആഗ്രഹിച്ചുപോയി.”

ഖുർആൻപഠിതാക്കൾ മലക്കുകളാൽ വലയംചെയ്യപ്പെടുന്നുവെന്നതാണ് മൂന്നാമത്തെ അനുഗ്രഹം. പൈശാചിക സ്വാധീനങ്ങളിൽനിന്ന് അല്ലാഹു അവരെ സുരക്ഷിതരാക്കുന്നുവെന്നാണതിന്റെ താൽപര്യം. അവരെ വഴിതെറ്റിക്കാൻ മുതിരുന്ന ചെകുത്താന്മാർക്കു മുമ്പിൽ മലക്കുകൾ ഭദ്രമായ പ്രതിരോധനിരയായി അവർക്കു ചുറ്റും നിലകൊള്ളുന്നുണ്ടാകും.

അല്ലാഹുവിനാൽ പ്രശംസിക്കപ്പെടുക എന്നതാണ് നാലാമത്തെ അനുഗ്രഹം. മനസ്സിനെ തന്റെ വചനങ്ങളിൽ ലയിപ്പിച്ച ദാസന്മാരെ പ്രശംസിച്ചുകൊണ്ട് അല്ലാഹു അവന്റെ സന്നിധിയിലുള്ള മലക്കുകളോട് സംസാരിക്കും. ദാസന്മാരുടെ ഖുർആൻപഠനത്തിൽ അല്ലാഹുവിനുള്ള വർധിച്ച പ്രീതിയാണിത് സൂചിപ്പിക്കുന്നത്.

ഇങ്ങനെയൊക്കെയാണെങ്കിലും ഒന്നിന്റെയും പഠനം മാത്രം സ്വയം ലക്ഷ്യമല്ല. മനസ്സിന്റെ തെളിച്ചത്തിലൂടെയും കർമങ്ങളുടെ ശുദ്ധിയിലൂടെയുമാണ് പഠനം ലക്ഷ്യത്തിലെത്തുന്നത്. കർമത്തിൽ പിന്നാക്കമാണെങ്കിൽ പണ്ഡിതൻ ഷെൽഫിലിരിക്കുന്ന പുസ്തകം പോലെയാകുന്നു. അറിവ് കർമത്തിനു പകരമല്ല, കർമത്തിന്റെ ത്വരകമാണ്, ആയിരിക്കണം. കർമത്തിനുപകരം കർമം മാത്രം. പ്രൗഢമായ പാരമ്പര്യവും കുലമഹിമയും ഒന്നും കർമത്തിന്റെ സ്ഥാനത്ത് നിൽക്കുകയില്ല. കർമഗുണത്തിൽ പിന്നോട്ടു തള്ളപ്പെട്ടവൻ വംശത്തിന്റെയോ പാരമ്പര്യത്തിന്റെയോ ഗുണംകൊണ്ട് മാത്രം ഇഹത്തിലും പരത്തിലും മുന്നേറുന്നതല്ല.